## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1209

11 .02.2016-ൽ മറുപടിയ്ക്ക്

## 'കുന്നംകുളം മിനി സ്റ്റേഷൻ'

**ചോദ്യം**
ശ്രീ. ബാബു എം. പാലിശ്ശേരി

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
| --- | --- |
| (എ) തൃശ്ശൂർ കുന്നംകുളം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലെ കോൺഫറൻസ് ഹാളിൽ വൈദ്യൂതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ട് ഫാൻ, മൈക്ക് എന്നിവ പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ വിവിധ വകുപ്പുകളുടെ പ്രതിമാസ കോൺഫറൻസുകൾ നടത്താൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മിനിസിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ട് വർഷം 5 കഴിഞ്ഞു എന്നതു കണക്കിലെടുത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ ജില്ലാ-താലൂക്ക് റവന്യു അധികാരികൾക്ക് കർശന നിർദ്ദേശം നൽകുമോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശം നൽകുമോ? | (ബി) പൊതുമരാമത്ത് വകുപ്പിന്റെ പേരിലുള്ള വൈദ്യുതി കണക്ഷൻ ആയിരുന്നു മുൻകാലങ്ങളിൽ പ്രസ്തുത കോൺഫറൻസ് ഹാളിന് ഉണ്ടായിരുന്നത്. വൈദ്യുതി ബിൽ കുടിശ്ശികയായതിനെ തുടർന്ന് പ്രസ്തുത കണക്ഷൻ ഇലക്ട്രിസിറ്റി ബോർഡ് വിഛേദിച്ചിരുന്നു. ആയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റേറ്റ് ഓഫീസറായ തലപ്പിള്ളി തഹസിൽദാർക്ക് വൈദ്യുതി കണക്ഷൻ പുനർസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും തഹസിൽദാർ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ് . |

സെക്ഷൻ ഓഫീസർ

R9.